# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3117 10.05.2017- ൽ മറുപടിയ്ക്ക്**

**ഗോഡൗണുകളിൽ കെട്ടിക്കിടന്ന് നശിക്കുന്ന മരുന്നുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. പി.അയിഷ പോറ്റി:** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| (എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഗോഡൗണ - കളിൽ മരുന്നുകൾ കെട്ടിക്കിടന്ന് നശിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) കഴിഞ്ഞ അഞ്ചു വർഷക്കാല- യളവിൽ എത്ര തുകയുടെ മരുന്നാണ് കെട്ടിക്കിടന്ന് നശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ആരോഗ്യ-മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി സമർപ്പിച്ച ഇന്റൻഡിനനുസൃതമായി 1362.17 കോടി രൂപ മൂല്യം വരുന്ന മരുന്നുകളാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ചത്. ഇതിൽ 6.06 കോടി രൂപ മൂല്യം വരുന്ന മരുന്നുകളുടെ കാലാവധി കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംഭരിച്ച മരുന്നിന്റെ 0.44 ശതമാനം കീഴ്ഘടക സ്ഥാപനങ്ങൾ ഇന്റൻഡിന് അനുസൃതമായി സ്വീകരിക്കാത്തതിനാൽ കാലഹരണ പ്പെട്ടിട്ടുണ്ട്. |
| (സി) ഇത്തരത്തിൽ മരുന്നുകൾ കെട്ടിക്കിടന്ന് നശിക്കുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും? | (സി) സർക്കാർ ആശുപത്രികളിലെ മരുന്ന് വിതരണം നിയന്ത്രിക്കുന്നതിനായി 'ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം' എന്ന സോഫ്റ്റ് വെയറിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപം കൊടുത്തിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിക്കുന്ന മരുന്നുകളുടെ ബാച്ച് നമ്പർ, നിർമ്മാണ തീയതി, കാലാവധി അവസാനിക്കുന്ന തീയതി, എണ്ണം എന്നിവ സോഫ്റ്റ് വെയറിൽ പരിശോധിക്കുകയും First Expiry First First Out (FEFO) എന്ന മാനദണ്ഡത്തിൽ ആശുപത്രികളിലേയ്ക്ക് ഘട്ടം ഘട്ടമായി വിതരണം ചെയ്യുകയും അതുവഴി കാലാവധി കഴിഞ്ഞ് മരുന്നുകൾ ഉപയോഗശൂന്യമാകുന്നത് തടയുവാൻ സാധിക്കുകയും ചെയ്യും. കൂടാതെ ആശുപത്രികളിലെ സ്ലോ മൂവിംഗ്, ഷോർട്ട് എക്സ്പയറി മരുന്നുകളുടെ വിവരങ്ങൾ അതാത് ആശുപത്രി അധികൃതർക്കും ജില്ലാ സംസ്ഥാനതല ഉദ്യോഗസ്ഥർക്കും നിരീക്ഷിക്കുവാനും കാലാവധി കഴിയും മുൻപ് തന്നെ ഈ മരുന്നുകൾ മറ്റ് ആവശ്യമുള്ള ആശുപത്രികളിലേയ്ക്ക് (ജില്ലയിലേയോ മറ്റ് ജില്ലയിലേയോ) സോഫ്റ്റ് വെയറിലൂടെ മാറ്റുവാനും സാധിക്കും. |

സെക്ഷൻ ഓഫീസർ